(ഇ) പ്രസ്തുത പദ്ധതി അനുസരിച്ച് മലപ്പുറം ജില്ലയിൽ ഏതെല്ലാം വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പാക്കിയിട്ടുണ്ട് ;

(എഫ്) പദ്ധതി മലപ്പുറം ജില്ലയിൽ നിന്നും മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) എങ്കിൽ കാരണമെന്ത് ;

(എച്ച്) പ്രസ്തുത പദ്ധതി മലപ്പുറം ജില്ലയിൽ തന്നെ തുടരാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജലവിതരണ ശുചീകരണ പദ്ധതി മലപ്പുറം ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ പ്രാരംഭമായി നെടിയിരിപ്പ്, പൂക്കോട്ടൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പൈലറ്റ് പ്രോജക്ടുകൾ നടപ്പാക്കി വരുന്നു.

(ബി) ഒന്നും നടത്തിയിട്ടില്ല. തുകയൊന്നും ചെലവായിട്ടുമില്ല.

(സി) ഒന്നും ലഭിച്ചിട്ടില്ല.

(ഡി) നടപ്പു സാമ്പത്തിക വർഷം ഒരു കോടി രൂപ കണ്ടിജൻസി ഫണ്ടിൽ നിന്നും അനുവദിച്ചു. 25.78 ലക്ഷം രൂപ ഇതുവരെ ചെലവായി.

(ഇ) നിലവിലുള്ള രണ്ട് പൈലറ്റ് പദ്ധതികൾ നടപ്പാക്കിയതിനുശേഷമേ ഈ പദ്ധതിയനുസരിച്ച് വാട്ടർ ,സപ്ലൈ സ്കീമുകൾ നടപ്പാക്കാൻ കഴിയൂ. ഇതേപ്പറ്റി കൂടുതൽ പഠനം നടന്നു വരുന്നു. (നെടിയിരിപ്പ്, പൂക്കോട്ടൂർ എന്നീ പഞ്ചായത്തുകളിലാണ് പൈലറ്റ് പദ്ധതി നടപ്പാക്കി വരുന്നത്)

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

(എച്ച്) ഉദിക്കുന്നില്ല.

**വെള്ളം സംഭരിക്കുന്നതിന് സമ്പ് പണിയാൻ നടപടി**

157 (2623) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴാനി ഡാമിൽ നിന്ന് വെള്ളം സംഭരിക്കുന്നതിന് സമ്പ് പണിയുന്നതിന് ജലസേചന വകുപ്പിന്റെ സ്ഥലം വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് സ്ഥലം ആവശ്യപ്പെട്ടത് ;

(സി) വാട്ടർ അതോറിറ്റിക്ക് സ്ഥലം നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ ആണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജലസേചന വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞ വർഷം നടത്തിയ ഉന്നതതലയോഗത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് എൻജിനീയർമാർ സ്ഥല പരിശോധന പൂർത്തിയാക്കിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതിനുശേഷം എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15-7-1997-ൽ.

(സി) വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലം നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ച് നിരോധിതമേഖലയിലാണ്. ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്തിന് പുറത്തായി വേറെ സ്ഥലം പറ്റുമോയെന്ന് പരിശോധിച്ചു വരികയാണ്.

(ഡി) 12/2000-ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ സ്ഥല ലഭ്യത ഇല്ലാത്തതിനാൽ നിശ്ചിത സമയത്ത് പൂർത്തീകരിക്കുവാൻ സാധിക്കുകയില്ല.

(ഇ) ഉണ്ട്. 26-3-1998-ൽ സ്ഥലപരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.

(എഫ്) ഈ പദ്ധതിയെപ്പറ്റിയുള്ള വിശദമായ പഠനം നടന്നു വരുന്നതേയുള്ളൂ.

**രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ പദ്ധതി**

158 (2624) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ പദ്ധതി അനുസരിച്ച് മലപ്പുറം ജില്ലയിൽ ഏതെല്ലാം പദ്ധതികൾ കഴിഞ്ഞ സാമ്പത്തിക വർഷം ഏറ്റെടുത്തു ;

(ബി) ഓരോന്നിനുമുള്ള കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ് ;

(സി) ഇവയ്ക്കുവേണ്ടി കഴിഞ്ഞ വർഷം എത്ര വർക്കുഷോപ്പുകൾ ജില്ലയിൽ നടത്തി ; ഇതിനുവേണ്ടി എന്ത് തുക ചെലവഴിച്ചു ;

(ഡി) പ്രസ്തുത പദ്ധതി മലപ്പുറം ജില്ലയിൽ നിന്നും മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ മിഷന്റെ പ്രവർത്തനം മലപ്പുറം ജില്ലയിൽതന്നെ തുടരാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly